# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.49** **04.02.2020-ലെ മറുപടിക്ക്**

**ചോദ്യം**

**ശ്രീ. കെ.വി.വിജയദാസ്**
**ശ്രീ. ജെയിംസ് മാത്യു**
**ശ്രീ. സി.കെ. ഹരീന്ദ്രൻ**
**ശ്രീ. കെ. ദാസൻ**

**മറുപടി**

**ഡോ. ടി.എം. തോമസ് ഐസക്**
**ധനകാര്യവും കയറും വകുപ്പമന്ത്രി**

## സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ നടപടി

| | | |
|---|---|---|
| (എ) | നോട്ടുനിരോധനം, ജി.എസ്.ടി. തുടങ്ങിയ നടപടികൾ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ആശങ്കാജനകമായ സ്ഥിതിയിലേയ്ക്ക് എത്തിക്കുകയും അതോടൊപ്പം വിലക്കയറ്റം രാജ്യത്തെ ജനങ്ങളെ ദുരിതത്തിലാക്കിയിരിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ദുരിതം ലഘൂകരിക്കാൻ ഏതൊക്കെ വിധത്തിൽ ഇടപെടുന്നെന്ന് വിശദമാക്കാമോ; സാമ്പത്തിക പ്രതിസന്ധി ക്ഷേമ പദ്ധതികളെ ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. ടി സാഹചര്യത്തിലും നടപ്പ് സാമ്പത്തിക വർഷം അവസാന ത്രൈമാസത്തിൽ പൊതു വിപണിയിൽ നിന്നും 4908 കോടി രൂപ വായ്പയെടുക്കുവാൻ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. എന്നാൽ ടി സ്ഥാനത്ത് 1920 കോടി രൂപയുടെ അനുമതി മാത്രമാണ് കേന്ദ്ര സർക്കാർ നൽകിയത്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ടത് അകാരണമായി വൈകുന്നത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. 2019 ഒക്ടോബർ മാസം മുതലുള്ള നഷ്ടപരിഹാരം ഇനിയും ലഭിച്ചിട്ടില്ല. ഏകദേശം 1600 കോടി |

| | | |
|---|---|---|
| | | രൂപയോളം വരും രണ്ട് മാസത്തെ നഷ്ടപരിഹാരം മാത്രം. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർ നിർമ്മാണത്തിന് വാർഷിക വായ്പാ പരിധിയ്ക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേ സമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർ സൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക ഞെരുക്കം സംസ്ഥാനം അഭിമുഖീകരിക്കുന്നുണ്ടെന്നത് ഒരു വസ്തുതയാണ്. ഈ പ്രതികൂല സാഹചര്യത്തിലും ജനങ്ങളിന്മേൽ അധിക നികുതി ഭാരം അടിച്ചേൽപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. നികുതി പിരിവ് ഊർജ്ജിതമാക്കിയും ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കി ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുകയെന്നതാണ് സർക്കാർ അനുവർത്തിച്ചുവരുന്ന നയം. ഇതോടൊപ്പം തന്നെ വിലക്കയറ്റത്തിൽ പൊറുതിമുട്ടുന്ന സാധാരണക്കാരനെ സഹായിക്കുന്നതിനായി പൊതുവിപണിയിൽ സർക്കാർ ക്രിയാത്മകമായി ഇടപെടുന്നുണ്ട്. ക്ഷേമ പെൻഷനുകൾ അടക്കമുള്ള ക്ഷേമ, ആശ്വാസ നടപടികളിൽ സർക്കാർ വീഴ്ച വരുത്തിയിട്ടേയില്ല. |
| (ബി) | ഒരു ലക്ഷത്തി നാൽപത്തി അയ്യായിരം കോടി രൂപ കോർപ്പറേറ്റ നികുതിയിളവിലൂടെയും എഴുപതിനായിരം കോടി രൂപ മാന്ദ്യ വിരുദ്ധ പാക്കേജായും കുത്തകകൾക്ക് ലഭ്യമാക്കിയതുവഴി ഖജനാവിനുണ്ടായ നഷ്ടം സംസ്ഥാനത്തിന്റെ നികുതി വിഹിതത്തിൽ കുറവുണ്ടാക്കിയത് പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കാനിടയുണ്ടോ എന്ന് വ്യക്തമാക്കുമോ; | കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കോർപ്പറേറ്റ് നികുതി ഇളവും സാമ്പത്തിക മാന്ദ്യം നേരിടുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന സാമ്പത്തിക ഉത്തേജക പദ്ധതികളും കേന്ദ്ര സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ ഇടിവും ചെലവിൽ വരുത്തുന്ന വർദ്ധനവിന്റെ ഫലമായി സംജാതമാകുന്ന ലിക്വിഡിറ്റി പ്രതിസന്ധിയും സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതത്തിലും ഗ്രാൻഡ്-ഇൻ-എയ്ഡിലും കുറവ് വരുവാനുള്ള സാദ്ധ്യതയുണ്ട്. ഇത് |

| | | |
|---|---|---|
| | | എത്രത്തോളമുണ്ടാകുമെന്നത് സംബന്ധിച്ച ആധികാരിക രേഖകൾ നിലവിൽ ലഭ്യമല്ല. എന്നാൽ, അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം 2019 നവംബർ 30 വരെയുള്ള കാലയളവിൽ കേന്ദ്ര നികുതി വിഹിതത്തിൽ 1.63% ന്റെയും കേന്ദ്ര ഗ്രാൻഡ്-ഇൻ-എയ്ഡിൽ 12.84% ന്റെയും മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് ഇടിവുണ്ടായിട്ടുണ്ട്. ഇപ്രകാരം കേന്ദ്രത്തിൽ നിന്നുള്ള കൈമാറ്റത്തിലുണ്ടാകുന്ന കുറവ് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ ബാധിക്കാൻ ഇടയുണ്ട്. |
| (സി) | മാന്ദ്യത്തിന്റെ ഫലമായി തനതു നികുതിയിൽ ഉണ്ടായ കുറവും കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതത്തിന്റെ കുറവും റവന്യൂ കമ്മി വർദ്ധിപ്പിക്കുന്നതും പൊതുകട മെടുക്കാനുള്ള അവകാശം കേന്ദ്രസർക്കാർ നിയന്ത്രിച്ചതും സൃഷ്ടിക്കുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ? | നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ആനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചു വരുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കി. ഏതാണ്ട് 54,000/- കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ |

| | | |
|---|---|---|
| | | കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇത് വാസ്തവത്തിൽ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഏറ്റവും വലിയ ഉത്തേജക പാക്കേജാണ്.<br>2. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.<br>3. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.<br>4. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കി.<br>5. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.<br>6. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.<br>7. ലോട്ടറി ഉൾപ്പെടെയുള്ളവയുടെ വൈവിധ്യ വത്കരണത്തിലൂടെയും ക്രിയാത്മകമായ പരിശ്രമങ്ങളിലൂടെയും നികുതിയേതര വരുമാനം ഘട്ടം ഘട്ടമായി ഉയർത്തുന്നതിന് ശ്രമിച്ചു. |

**സെക്ഷൻ ഓഫീസർ**